14

സഭ:

# അതിന്റെ മൂപ്പന്മാർ, അവരെ എങ്ങനെ നിയമിക്കുകയും നിയമിക്കാതിരിക്കുകയും ചെയ്യും

**എങ്ങനെ മൂപ്പന്മാരെ നിയമിക്കും______________________________**

1. **സഭ "യിലും" സഭ "യിന്മേലും" മൂപ്പന്മാരെ വാസ്തവത്തിൽ നിയമിക്കുന്നത് ആർ (പ്രവൃത്തികൾ 20:28)?**
2. **മൂപ്പന്മാരുടെ യോഗ്യതകൾ വെളിപ്പെടുത്തിയവർ ആർ (യോഹ. 16:13)?**
   a. പരിശുദ്ധാത്മാവു വാസ്തവത്തിൽ മൂപ്പന്മാരെ നിയമിക്കയോ അല്ലെങ്കിൽ അവരുടെ യോഗ്യതകൾ പ്രകടമാക്കുകയോ ചെയ്തിട്ടുണ്ടോ?
   b. മൂപ്പന്മാരിൽ നിന്നും ആവശ്യപ്പെട്ട ഈ യോഗ്യതകൾ, എന്തെല്ലാമാണ്? (പാഠം 13 ലെ പട്ടിക നോക്കുക)
   c. എങ്ങനെ ആ യോഗ്യതകൾ നേടുവാൻ കഴിയും (2 തിമൊ. 2:15; 1 തിമൊ. 3:1)?

**തിരഞ്ഞെടുപ്പു ______________________________________________**

1. **ആദ്യ ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്തപ്പോൾ, ആരാണ്**

**പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചത് (പ്രവൃത്തികൾ 6:2, 3)?**
ആരാണ് അവരെ തിരഞ്ഞെടുത്തത് (പ്രവൃത്തികൾ 6:5, 6)?

a. ആ ആവശ്യത്തോട് "പുരുഷാരം മുഴുവനും എങ്ങനെ പ്രതികരിച്ചു (പ്രവൃത്തികൾ 6:5)?
b. മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിൽ, ഈ നടപടി ബുദ്ധിപരമായിരിക്കയില്ലേ?
c. മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിൽ സഭയ്ക്കു മുഴുവൻ പങ്കാളിത്വമില്ലേ?
   അത്തരം യോഗ്യതയുള്ളവരെ കാണുമ്പോൾ, അവരെ തിരഞ്ഞെടുത്തുകൂടെ?
d. തിരഞ്ഞെടുക്കപ്പെടുന്നവർക്കു തിരഞ്ഞെടുക്കുന്നവരുടെ മേലും സ്വാധീനം ഇല്ലേ?

**2. മൂപ്പന്മാരെ തിരഞ്ഞെടുക്കുമ്പോൾ ചെയ്യരുതാത്തതു എന്ത്?**

a. ഔദ്യോഗിക പ്രവൃത്തി കാംക്ഷിക്കുന്നവർ ഇടവകയെ വശീകരിക്കാമോ (റോമ. 12:10)?
   ബഹുമാനം ഉറപ്പാക്കുവാൻ, ഓരോരുത്തൻ അന്യോന്യം എങ്ങനെ ആയിരിക്കണം (റോമ. 12:10)?
b. മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതു പ്രാദേശിക ശുശ്രൂഷകൻ നിയന്ത്രിക്കാമോ (1 തിമൊ. 4:12)?
c. മൂപ്പന്മാരെ തിരഞ്ഞെടുക്കുവാൻ തീരുമാനിക്കുന്നത് മറ്റൊരാളുടെ "പോക്കും" അല്ലെങ്കിൽ "നിലനില്പ്പും" നോക്കിയാണോ?

**നിയമിച്ചു** ______________________________________________

**1. ശുശ്രൂഷകന്മാരെ സഭ തിരഞ്ഞെടുത്തശേഷം, അപ്പൊസ്തലന്മാർ എന്തു ചെയ്തു (പ്രവൃത്തികൾ 6:6)?**
ഇന്നു സഭ പുരുഷന്മാരെ തിരഞ്ഞെടുത്തശേഷം, എന്തു ചെയ്യണം?

a. ഒരു *തിരഞ്ഞെടുപ്പും* ഒരു *നിയമനവും* ഉണ്ടായിരുന്നില്ലേ?
b. മൂപ്പന്മാരെ തിരഞ്ഞെടുക്കുമ്പോൾ ഈ നടപടി സ്വീകരിക്കേണ്ടതല്ലേ?

**2. സഭകൾ സ്ഥാപിക്കപ്പെട്ടപ്പോൾ പൗലൊസും ശിലാസും എന്തു ചെയ്തു (പ്രവൃത്തികൾ 14:23)?**

**3. തിത്തൊസിനെ എന്തിനാണ് ക്രേത്തയിൽ വിട്ടിട്ടു പോയത് (തിത്തൊ. 1:5)?**

a. ആ വാക്യങ്ങൾ പഠിപ്പിക്കുന്നതു എല്ലാ മൂപ്പന്മാരെയും തിരഞ്ഞെടുത്തു എന്നല്ലേ?
b. എന്തു ധർമ്മാനുഷ്ഠാനത്തോടെയാണ് മൂപ്പന്മാരെ തിരഞ്ഞെടുക്കയും നിയമിക്കയും ചെയ്തത് (കൊലൊ. 3:17)? പൗലൊസിന്റെ അപേക്ഷ മനപ്പാഠമാക്കുക (ഫിലി. 4:9). ആദ്യ സഭയിൽ മൂപ്പന്മാരെ നിയമിച്ചതു വാദിക്കാവുന്നതാണ്, എന്നാൽ അതിന്റെ ധർമ്മാനുഷ്ഠാനത്തെ സംബന്ധിച്ചു, അന്നും ഇന്നും, ചോദ്യം ചെയ്യപ്പെടാനാവാത്തതാണ്.

c. മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിൽ, എന്തുകൊണ്ടു ഉപദേഷ്ടാക്കന്മാർ ശ്രദ്ധാലുക്കൾ ആയിരിക്കണം (1 തിമൊ. 5:22)? മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിലും, നിയമിക്കുന്നതിലും ഉപദേഷ്ടാക്കന്മാർ എങ്ങനെ സഹായിക്കണം? അവന്റെ ജോലിയുടെ സ്വഭാവം എന്തായിരിക്കണം (തിത്തൊ. 2:7, 8).

4. **ശുശ്രൂഷകന്മാരെയും മൂപ്പന്മാരെയും ആരാണ് നിയമിച്ചത് (പ്രവൃത്തികൾ 6:6; 14:23; തിത്തൊ. 1:5)?**
   a. തിരഞ്ഞെടുപ്പും നിയമനവും കൂടാതെ ആർക്കെങ്കിലും ആ ഔദ്യോഗിക പദവി ഊഹിക്കാമോ?
   b. ഈ യോഗ്യതകൾ ഉള്ളവർ തിരഞ്ഞെടുപ്പും നിയമനവും കൂടാതെ മൂപ്പന്മാരായി പ്രവർത്തിക്കാമോ?
   അങ്ങനെ ആകാമെങ്കിൽ, പിന്നെ തിരഞ്ഞെടുപ്പും നിയമനവും എന്തിന്?
   c. അപ്പോൾ പിന്നെ ഒരാൾ മൂപ്പന്റെ സേവനം അനുഷ്ഠിക്കുന്നതു എപ്പോഴാണ് (തിത്തൊ. 1:5)?

**എങ്ങനെ മൂപ്പന്മാർ നിയമിക്കപ്പെടാതിരിക്കുന്നു** ________________

1. **ഒരു മൂപ്പൻ തന്റെ പ്രവൃത്തികൾ ഒരു മൂപ്പന്റേതായി ചെയ്യുന്നില്ലെങ്കിൽ, അയാളെ അങ്ങനെ പരിഗണിക്കാമോ?**
2. **ഒരു മൂപ്പനെ എപ്പോൾ നീക്കം ചെയ്യാം?** താൻ സമർപ്പിക്കപ്പെട്ട ആശ്രയത്തിൽ അവിശ്വസ്തനായി തീരുമ്പോൾ.
3. **ഒരു ഇടവകയെ സേവിക്കുവാനുള്ള യോഗ്യത ഒരു മൂപ്പനു നഷ്ടമാകുന്നതെങ്ങനെ?**
   അയാളുടെ പ്രവൃത്തിരാഹിത്യത്താലോ അല്ലെങ്കിൽ അയാളെ ചോദ്യം ചെയ്യാവുന്ന സ്വഭാവമോ ഉണ്ടാകുമ്പോൾ, അയാളെ നീക്കം ചെയ്യാം.
   a. അതോ: “ഒരിക്കൽ മൂപ്പൻ ആകുന്ന ആൾ എല്ലായ്പ്പോഴും മൂപ്പൻ ആണോ”?
   b. അതോ: “ഒരിക്കൽ ക്രിസ്ത്യാനി ആയാൽ എല്ലായ്പ്പോഴും ക്രിസ്ത്യാനി ആകുമോ”?
   c. അപ്പോൾ ഇങ്ങനെ പറയുന്നതോ: “ഒരു മൂങ്ങയുടെ മൂരിത്വം രാജിയാക്കാൻ പറ്റാത്തതുപോലെ ഒരാൾക്കു തന്റെ മൂപ്പത്വം രാജി വെക്കാവുന്നതല്ല”?
4. **യോഗ്യത നഷ്ടപ്പെട്ട മൂപ്പനെ ആരാണ് നീക്കം ചെയ്യേണ്ടത്?** അയാളെ തിരഞ്ഞെടുത്തു നിയമിച്ചവൻ - അപ്പോഴത്തെ മൂപ്പന്മാർ നേതൃത്വം കൊടുക്കണം.
5. **മൂപ്പന്മാരുടെ സ്ഥാനം എന്ത് (1 തിമൊ. 3:1)?**
   a. ഒരാൾക്കു തന്റെ ഉദ്യോഗ കടമ രാജി വെക്കാമോ?
   b. എപ്പോഴാണ് അത്തരം രാജി?

© 2009 Truth for Today